

THURSDAY 25-05-2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–25/05/2023.

1. പി എം കിസാൻ പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭിക്കുന്നതിനായി 2023 മെയ് 31 ന് മുമ്പായി പദ്ധതി ഗുണഭോക്താക്കൾ .ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കേണ്ടതും പി എം കിസാൻ പോർട്ടൽ (pmkisan.gov.in ) അക്ഷയ, സി എസ് സി തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ, കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള ആൻഡ്രോയിഡ് അപ്ലിക്കേഷൻ വഴി e -KYC ചെയ്യേണ്ടതുമാണ്. റവന്യൂ വകുപ്പിന്റെ ReLIS പോർട്ടലിൽ ഭൂമി വിവരങ്ങൾ ഉള്ളവർ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ നേരിട്ടോ, അക്ഷയ / പൊതുസേവന കേന്ദ്രങ്ങൾ വഴിയോ അടിയന്തരമായി ചേർക്കേണ്ടതാണ്. ReLIS പോർട്ടലിൽ ഭൂമി സംബന്ധിച്ച് വിവരങ്ങൾ ഇല്ലാത്തവർ, ഭൂമി വിവരങ്ങൾ ലഭ്യമാണെങ്കിലും ഇതുവരെ ഓൺലൈൻ സ്ഥലവിവരം നൽകാൻ കഴിയാത്തവർ അപേക്ഷയും 2018 - 2019 ലെയും നിലവിലെയും കരമടച്ച രസീതും നേരിട്ട് കൃഷി ഭവനിൽ നൽകി ഭൂമി സംബന്ധിച്ച വിവരങ്ങൾ പി എം കിസാൻ പോർട്ടലിൽ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **1800-425-1661** എന്ന ടോൾ ഫ്രീ നമ്പരിലോ, **0471-2304022 ; 0471-2964022** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക. മെയ് 27 വരെ അക്ഷയ കേന്ദ്രങ്ങളിൽ ഇതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നു.

2. ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" കാർഷികമേളയോടനുബന്ധിച്ച് ഇന്ന് **കിഴങ്ങു വർഗ വിളകളിലെ മൂല്യവർദ്ധിത സാധ്യതകൾ, കരപ്പുറത്തിന് മൃഗസംരക്ഷണ മേഖലയിലെ സാധ്യതകൾ, കരപ്പുറത്തിന്റെ മത്സ്യ കൃഷി സാധ്യതകൾ** എന്നീ വിഷയങ്ങളിൽ കാർഷിക സെമിനാറും വെജിറ്റബിൾ കാർവിംഗ് മത്സരവും സംഘടിപ്പിക്കുന്നു.

3. സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കനകക്കുന്നിൽ 'എന്റെ കേരളം പ്രദർശന വിപണന മേള, നടന്നു വരുന്നു. നിരവധി വിദേശയിനം പക്ഷികൾ, അലങ്കാരക്കോഴികൾ, അലങ്കാര തത്തകൾ സുന്ദരികളായ അനേകം കുഞ്ഞിപ്പക്ഷികൾ, വിവിധയിനം പൂച്ചകൾ എന്നിവയുടെ പ്രദർശനം ഈ മാസം 28 വരെ ഒരുക്കിയിട്ടുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. റബ്ബർമരങ്ങളിൽ ഇടവേളകൂടിയ ടാപ്പിങ് രീതികളെക്കുറിച്ചറിയാൻ ഇന്ന് (25.05.2023) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ചോദ്യങ്ങൾക്ക് റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

5. പാലക്കാട് ജില്ലയിലെ തെക്കുംമുറിയിൽ പ്രവർത്തിക്കുന്ന കൃഷിവിജ്ഞാനകേന്ദ്രത്തിൽ മോഹിത് നഗർ കമുകിൻ തൈകൾ തൈ ഒന്നിന് 35 രൂപ നിരക്കിൽ ഈ മാസം 29 മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ് കൂടുതൽ വിവരങ്ങൾക്ക് **0466-2212279, 2912008, 6282937809** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലനം

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം 27-ന് (27.05.2023) രാവിലെ 10 മണി മുതൽ 1 മണി വരെ "**അടുക്കള മാലിന്യത്തിൽ നിന്നും കോഴിതീറ്റ- BSF ലാർവ്വകളുടെ ഉത്പ്പാദനവും ഉപയോഗവും**" എന്ന വിഷയത്തെചന്റ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ,പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്കായി, കൃഷിയിലും അനുബന്ധവിഷയങ്ങളിലും പരിശീലനം സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ **9400483754** എന്ന നമ്പറിൽ രാവിലെ 10 മുതൽ 12 വരെയുള്ള

## മഴക്കാല സംരക്ഷണം കന്നുകാലികളിൽ

8. മഴസമയത്ത് കന്നുകാലികളിൽ അകിട് വീക്ക രോഗസാധ്യത കൂടുതലായതിനാൽ പാൽ കറന്നശേഷം ടിങ്ച്ചർ അയഡിൻലായനിയിൽ (Tincture iodine solution ) മുലക്കാമ്പുകൾ 7സെക്കൻഡ് നേരം മുക്കിവെക്കുക .മഴസമയത്ത് തൊഴുത്തിലെ വെള്ളക്കെട്ടിൽ അധികനേരം കന്നുകാലികൾ നിക്കാനിടയായാൽ കുളമ്പ്ചീയൽരോഗം ഉണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ പൊട്ടാസ്യം പെർമഗ്നറ്റ്ലായനി ഉപയോഗിച്ച് ദിവസവും 3നേരം കുളമ്പുവൃത്തിയാക്കുക. മഴക്കാലത്ത് കന്നുകുട്ടികളിൽ

ന്യുമോണിയ ബാധവരാനുള്ള സാധ്യതയുള്ളതിനാൽ തൊഴുത്തിലെ ചോർച്ച പരിഹരിക്കുകയും വെള്ളക്കെട്ട് ഒഴിവാക്കുകയും ചെയ്യണം. ബാഹ്യപരാദങ്ങളായ കൊതുക്, കടിയീച്ചകൾ തുടങ്ങിയവയുടെ ഉപദ്രവം തടയുന്നതിനായി ചാണകകുഴികളിൽ കുമ്മായം വിതറുക. പ്രസവാനന്തരം പശുക്കൾക്കും കന്നുകിടാങ്ങൾക്കും ശരീരഭാരത്തിനനുസരിച്ച് വിര മരുന്ന് നൽകാൻ ശ്രദ്ധിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം